ഉദയഗിരി പഞ്ചായത്തിൽപ്പെട്ട മൂരിക്കടവ് ഭാഗത്തെ വൈദ്യുതീകരണം

173. [455] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ഉദയഗിരി പഞ്ചായത്തിൽപ്പെട്ട മൂരിക്കടവ് ഭാഗത്ത് വൈദ്യുതീകരണത്തിനായി 1982-ൽ സാങ്കേതിക അനുമതി നൽകിയ പദ്ധതി നടപ്പിലാക്കാൻ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഈ പദ്ധതി മുൻഗണനാക്രമത്തിൽ എത്രാമത്തേതാണ് ;

(സി) എന്നത്തേക്ക് ഈ പദ്ധതികളുടെ പണി ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സാമ്പത്തിക പരിമിതിയാണ് കാലതാമസത്തിന് കാരണം.

(ബി) പതിനൊന്നാമത്തേത്.

(സി) സാധനസാമഗ്രികളുടെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ ചെയ്തു തീർക്കുന്നതാണ്.

നാലാഞ്ചിറ ഇലക്ട്രിക്കൽ സെക്ഷനിലെ വോൾട്ടേജ് കുറവ്

174. [456] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാലാഞ്ചിറ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽപ്പെട്ട കാരമൂട്, കയൊളത്തുകോണം ശീമമുള മുക്ക്, പച്ചക്കാട് എന്നീ പ്രദേശങ്ങളിൽ വോൾട്ടേജ് കൂടുതൽ ലഭിക്കുന്നതിനുവേണ്ടി കുരിശ്ശടി എന്ന സ്ഥലത്ത് ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് സ്ഥാപിക്കുന്നതിന് വേണ്ട നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അതിന്റെ ജോലികൾ നടന്നുകൊണ്ടിരിക്കുകയാണ്.

ഇരിക്കൂർ പ്രദേശത്തെ വോൾട്ടേജ് കമ്മി

175. [457] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരിക്കൂർ പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാനായി നടപടികൾ സ്വീകരിക്കണമെന്നുള്ള നിവേദനത്തിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് ദയവായി വെളിപ്പെടുത്തുമോ ;

(ബി) ത്രീ ഫേയ്സ് ലൈൻ വലിച്ച് വോൾട്ടേജ് കമ്മി പരിഹരിക്കാനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ?

ഉത്തരം

(എ) ത്രീ ഫേസ് ലൈൻ വലിക്കുന്നതിനും ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുമുള്ള എസ്റ്റിമേറ്റിന് അനുമതി നൽകിക്കഴിഞ്ഞു-

LIBRARY ARCHIVES Kerala Legislative Assembly